
ഇതൾ
ദേവമാതാ ഹൈസ്കൂൾ പൈസക്കരി
2024

# ഇതളുകൾ വിടരുമ്പോൾ..........


മഴ – ദിയ ദിലീപ്

പുഴയെ സ്നേഹിച്ച മന്ദമാരുതൻ – റോമിയോ ബൈജു

സ്വപ്നങ്ങൾ പൊലിഞ്ഞപ്പോൾ – ഹിമജ പി.മാത്യൂസ്

അമ്മ – ദേവനന്ദ രതീഷ്

എന്റെ സന്തോഷം – അപർണ്ണ ടി.ബിജു

മഴത്തുള്ളി – ആൻമരിയ ജെന്റിൽ

സ്നേഹത്തിന്റെ പ്രകാശം – ആർച്ച ശിവദാസ്

മായാത്ത മുഖങ്ങൾ – അനുപ്രിയ പി.എം

# എഡിറ്റോറിയൽ ബോർഡ്



Niya Rony



Devanandha P Biju






Ann Mariya Bobin

Archa Sivadas



Nandhakishor N S

# □ □

വെള്ളിനൂലുകളായി ഭ്രൂമിയിൽ ചരിക്കവെ

വെൺമുത്തുപോൽ തിളങ്ങുന്ന മഴ

കനത്ത വെയിൽ നീക്കും മഴ

കുളിർമ്മയാകുന്ന വെൺതുള്ളിയാകുന്ന മഴ

മഴയിലലിയും വെയിൽ നാളങ്ങൾ

മഴയിലലിയും ചുട്ടുസങ്കടങ്ങൾ

മലകളും പുഴകളും മഴയിലലിയും

വിണ്ണിന് കുളിരേകുന്ന മഴ...

– ദിയ ദിലീപ്

# പുഴയെ സ്നേഹിച്ച മന്ദമാരുതൻ

മന്ദമായ് വന്നു നീ തഴുകിയെന്നെ
ആ സ്പർശമെന്നെ പൂർണ്ണനാക്കി
നിന്റെ ആഗമനം ഒന്നുമാത്രം
സൗഗന്ധപുഷ്പങ്ങൾ എന്നിലെത്തി

നീ തന്ന പുഷ്പസമ്മാനമെന്നെ
അനന്തമായി വാസന്ത തൈലമാക്കി
അരുണന്റെ കോപം എന്നിലെത്താതെ
കാത്തു നീ എന്നെ അണിവിരലാലെ
ചാന്ദ്രവെളിച്ചത്തിൽ നീ എനിക്ക്

സ്നേഹം ചൊരിഞ്ഞു ആകാശത്തോളം
നിന്നെ കാണ്മതില്ല ഒരു ദിനത്തിൽ
വിങ്ങിപ്പൊട്ടി ഞാൻ കരകവിഞ്ഞു
കാറ്റേ കാറ്റേ എങ്ങുപോയി
പ്രിയ സ്നേഹിതാ എങ്ങുപോയി

- റോമിയോ ബൈജു



# സ്വപ്നങ്ങൾ പൊലിഞ്ഞപ്പോൾ

നാലു മാസങ്ങൾക്ക് മുമ്പ് ഒരു മരണം സംഭവിച്ച,ഒരു വീട്ടിൽ പോയത് എന്നെ ഒരുപാട് ചിന്തിപ്പിക്കുകയും സ്വാധീനിക്കുകയും ചെയ്തു.ഒരു മകൾ മാത്രമുള്ള വീടായിരുന്നു അത്.ബി.എഡ്. പഠിച്ചുകൊണ്ടിരുന്ന ചേച്ചി,തീർത്ഥ അവിചാരിതമായ സമയത്ത് പ്രത്യേകിച്ച് കാരണങ്ങളൊന്നുമില്ലാതെ ഒരു വെളുപ്പിന് മരണമടഞ്ഞു.സ്വാഭാവിക മരണമായിരുന്നു.

ഇനി വേറെ മക്കളൊന്നുമില്ലാത്ത ആ മാതാപിതാക്കളെ ഞാൻ ഇടയ്ക്കിടെ സന്ദർശിക്കാറുണ്ട്.ഓരോ പ്രാവശ്യവും ചെല്ലുമ്പോഴും സങ്കടവും നിരാശയും ഏറിവരുന്നതായി തോന്നിയിരുന്നു.കാരണം ശൂന്യത, ആ മകൾ ബാക്കിവച്ച ഓർമ്മകൾ........എല്ലാം അവരെ കൂടുതൽ കൂടുതൽ വേദനിപ്പിക്കുകയാണ്.മകളെക്കുറിച്ചല്ലാതെ മറ്റൊന്നും അവർക്ക് സംസാരിക്കാനില്ല.വളരെ സുന്ദരിയും മിടുക്കിയുമായിരുന്ന മകളുടെ ജോലി,വിവാഹം അങ്ങനെ അവർ കണ്ട സ്വപ്നങ്ങളെല്ലാം തകർന്നു പോയി.

ആ വീട്ടിലേക്ക് കടന്നുചെല്ലുമ്പോൾ ജീവിതം എത്ര നിസാരമാണെന്ന് ഓർമ്മവരും.മക്കളെക്കുറിച്ച് മാതാപിതാക്കൾ അധികം സ്വപ്നങ്ങൾ കാണാതിരിക്കുന്നതാണ് നല്ലതെന്ന് തോന്നിപ്പോയി.ഭൂമിയിൽ ലഭിക്കുന്ന കാലം നന്നായി ജീവിക്കാനുള്ള ഉത്തരവാദിത്വം ഓരോരുത്തർക്കും ഉണ്ടെന്ന ഓർമ്മപ്പെടുത്തൽ പോലെ കാരണം നമുക്കായി നൽകപ്പെട്ട സമയം എത്ര എന്ന് നമുക്കറിയില്ലല്ലോ....

-ഹിമജ പി.മാത്യൂസ്



# അമ്മ

ആദ്യഗുരുവായ് അകതാരിലക്ഷര പൂക്കൾ

ചൊരിഞ്ഞതെന്നമ്മ

ആദ്യമായ് എന്നിൽ അറിവിൻ അക്ഷരങ്ങൾ

പകർന്നുതന്നമ്മ

വലതുകൈ ചെയ്യുന്നതിടതുകരമറിയാതെ

നന്മകൾ വിളയിച്ചൊരമ്മ

പാദങ്ങളിടറാതെ ഇരുൾവഴികളിൽ

സൂര്യദീപമായി നിന്നീടുമമ്മ

അന്യരുടെ സങ്കടം നെഞ്ചിലേറ്റുരുകുന്ന

മെഴുകുതിരിയാണമ്മ

ദുഃഖങ്ങളിൽ എന്നെ തളരാതെ എന്നും

കൂടെ നിറുത്തിയോരമ്മ

ആദ്യഗുരുവായ് അകതാരിലക്ഷര പൂക്കൾ

ചൊരിഞ്ഞതെന്നമ്മ

- ദേവനന്ദ രതീഷ്

# എന്റെ സന്തോഷം

എന്റെ ജീവിതത്തിൽ ഏറ്റവും സന്തോഷം നൽകുന്ന വിനോദമാണ് ബാസ്കറ്റ്ബോൾ.എനിക്ക് സന്തോഷം വന്നാലും സങ്കടം വന്നാലും ബാസ്കറ്റ്ബോൾ കളിച്ച് തീർക്കും. ബാസ്കറ്റ്ബോളാണ് എന്റെ ജീവിതത്തിന് വഴിത്തിരിവായത്.എനിക്ക് എല്ലാം പഠിപ്പിച്ച് തന്നതും ഇതുതന്നെയാണ്.ആദ്യമായി കളിക്കുവാൻ പോയപ്പോൾ ഞാനതിനെ ഒരുപാട് വെറുത്തിരുന്നു.എന്നാൽ ഇപ്പോൾ അതെന്റെ രക്തത്തിൽ അലിഞ്ഞ് ചേർന്നിരിക്കുന്നു.ചിരിക്കുവാനും,സന്തോഷിക്കാനു, ദുഃഖിക്കുവാനും,ദേഷ്യപ്പെടാനും എല്ലാം ഇതെന്നെ പഠിപ്പിച്ചു.

ഇതിലൂടെ ഞാനെന്റെ സന്തോഷം കണ്ടെത്തുവാൻ ആരംഭിച്ചു.ഞനാദ്യമായി കളിച്ചുജയിച്ചത് പെരുമ്പടവ് വച്ചാണ്.എന്റെ കോർട്ട് വിട്ട കളിക്കുന്നത് ആപ്പോഴാണ്.ആ കളിയിൽ ഞാൻ വിജയിച്ചു.ആഹ്ലാദത്തിന്റെയും സന്തോസത്തിന്റെയും ദിവസം.അതിന് ശേഷം ഉയർച്ചകളും താഴ്ചകളും ഉണ്ടായി.ആ ദിവസം ഞങ്ങളെല്ലാവരും ഒന്നിച്ച പെരുമ്പടവിന് പോയി.അന്ന് ഞാൻ പല ടീമുകളിലെയും കുട്ടികളെ പരിചയപ്പെട്ടു.തോൽക്കുമോ എന്ന് ഞങ്ങൾ പേടിച്ചിരുന്നു.പക്ഷെ അപ്രതീക്ഷിതമായി വിജയം ഞങ്ങളെ തേടിയെത്തി.അതിനുശേഷമാണ് ഞാൻ മനസ്സിലാക്കിയത് തോൽക്കുന്നതിലും ജയിക്കുന്നതിലും കാര്യമില്ല നമ്മളെങ്ങനെ കളിക്കുന്നു അല്ലെങ്കിൽ നാം അതിനോട് എത്ര മാത്രം ആത്മാർത്ഥത പുലർത്തുന്നു എന്നതിലാണ് കാര്യം.ഞാൻ പഠിച്ചത് ക്ഷമയാണ്.ബാസ്കറ്റ്ബാൾ എന്നെ ജീവിതം എന്തെന്ന് പഠിപ്പിച്ചു.

– അപർണ ടി ബിജു.

# മഴത്തുള്ളി

മഴത്തുള്



മഴപെയ്യുകയാണ്.
തോരാതെ,തീരത്തെ,അങ്ങനെ
അങ്ങനെ.ഘോരമായ മഴ.മേഘാവൃതമ
മാനത്തുനിന്നും വേഗത്തിൽ
തുള്ളികളിയായി പെയ്യുകയാണ്.ഓരോ
തുള്ളികളും ഭൂമിയിൽ വന്നു
പതിക്കുന്നു.അവയിൽ
ചിലത് മണ്ണിൽ
അലിഞ്ഞുചേരുന്നു.ചിലതുപഴയരികിൽ
വന്ന പതിക്കുന്നു.ചിലത് പുഴയോട് ചേർന്ന്
ഒഴുകുന്നു.പുഴയോട് ചേർന്ന മഴതുള്ളി
പുഴയായി ചേർന്നൊഴുകി.പല പല
കാഴ്ചകൾ കണ്ടിങ്ങനെ
പോവുകയാണ്.മുൻപ്
മേഘത്തിലായിരുന്ന നാൾ എത്ര
ആഗ്രഹമായിരുന്നു
ഭൂമിയിലെത്തുവാൻ,ഇപ്പോഴത്
സാധ്യമായിരിക്കുന്നു.കാഴ്ചകൾ അങ്ങനെ
ഒഴുകികൊണ്ടിരിക്കെ,മഴതുള്ളി
ഓർത്തു.പെട്ടെന്ന് ഒരു കാഴ്ച കണ്ണിൽ
ഉടക്കി.മഴ നനഞ്ഞ് ഒരമ്മയും മരത്തിന്റെ
ചുവട്ടിലിരുന്ന് ഭക്ഷണം
കഴിക്കുകയാണ്.തൊട്ടടുത്തുള്ള വേസ്റ്റ്
ബാസ്കെറ്റിൽ നിന്നും എടുത്തുകൊണ്ട്





വന്നതാണ് അവരുടെ ഭക്ഷണം.വേഷമാകട്ടെ  അതിലും ദാരിദ്ര്യം നിറഞ്ഞതായിരുന്നു.അവരുടെ നഗ്നത മറയ്ക്കുവാൻ മാത്രം കഴിയുന്ന കീറിയ  ചെറിയ തുണിക്കഷ്ണം മാത്രമായിരുന്നു അത്.മഴത്തുള്ളിക്ക് അവരെ ആശ്വസിപ്പിക്കണമെന്നുണ്ടായിരുന്നു.പക്ഷെ പുഴയ്ക്ക് നിശ്ചലമാകാൻ കഴിയില്ലല്ലോ.

അവൾക്ക് സങ്കടം തോന്നി.പോകുന്നതിനിടയിൽ അവൾ മറ്റൊരു കാഴ്ച കൂടി അവൾ കണ്ടു.ഒരു വലിയ പാർട്ടി നടക്കാരുകയാണ് തിന്നും കുടിച്ചും ഉല്ലസിക്കുന്ന സമ്പന്നർ.ദരിദ്രനായ ഒരു കുട്ടി അവരോട് ഭക്ഷണം യാചിക്കുന്നു.അവർ പരിഹസിച്ചുകൊണ്ട് ആട്ടിയോടിക്കുകയാണ്.മിച്ച വന്ന ഭക്ഷണം അവർ വേസ്റ്റ് ബാസ്കറ്റിൽ നിക്ഷേപിച്ചു.ഈ കാഴ്ച മഴത്തുള്ളിയെ വളരെ വിഷമിപ്പിച്ചു.അവൾ ചിന്തിച്ചു,മനുഷ്യർക്ക് മറ്റുള്ളവരെ സഹായിച്ചാൽ എന്ത്?ഉണ്ടായിട്ടും കൊടുക്കാതിരിക്കുകയും പരിഹസിക്കുകയും ചെയ്യുന്നു.മനുഷ്യത്വമില്ലാത്ത ഈ ലോകത് നല്ല മനസുള്ള ഒരാളെയെങ്കിലും കണ്ടിരുന്നുവെങ്കിൽ,ഭൂമി ഇങ്ങനെ ആയിരുന്നു എങ്കിൽ ഇവിടേക്ക് വരേണ്ടതില്ലായിരുന്നു.സങ്കടത്തോടെ അവൾ വീണ്ടും പുഴയോടൊപ്പം ഒഴുകി കൊണ്ടേയിരുന്നു.

– ആൻമരിയ ജെന്റിൽ

# സ്നേഹത്തിന്റെ പ്രകാശം



കൊറോണ കാലത്ത് എനിക്കുണ്ടായ എന്റെ മനസിനെ സ്പർശിച്ച ഒരനുഭവമാണ് ഞാൻ പങ്കുവയ്ക്കുന്നത്.കൊറോണ കാലമായതിനാൽ അച്ഛന് ജോലി ഉണ്ടായിരുന്നുല്ല എല്ലാവരെയും പോലെ വീടിനകത്തുനിന്ന് പുറത്തിറങ്ങാതെ എവിടേയുംപോകാതെ തള്ളിനീക്കിയ രണ്ടുവർഷഭ്ഭൾ

എന്റെ അച്ഛൻ ആശാരിയാണ്.കോറോണകാലത്ത് അച്ഛൻ വീട്ടിലുണ്ടായിരുന്നു.ഒരു ദിവസം കടുത്ത നെഞ്ചുവേദന അനുഭവപെട്ടതിനെത്തുടർന്ന് അച്ഛനും അമ്മയും ആശുപത്രിയിലേക്ക് പോയി.ബന്ധുവിന്റെയും നാട്ടുകാരന്റെയും സഹായത്തോടെ പരിയാരം മെഡിക്കൽ കോളേജിൽ എത്തി.ഹൃദയത്തിൽ മൂന്ന് ബ്ലോക്കുകളുണ്ടായിരുന്നു.ഇതിനിടയിൽ അച്ഛന് കൊറോണ പോസിറ്റീവ് ആയി.കൂടെയുണ്ടായിരുന്ന അമ്മ നിരീക്ഷണത്തിനുമായി.ആൻജിയോപ്ലാസ്റ്റി നടത്തി ബ്ലോക്കുകൾ നീക്കം ചെയ്തു.അച്ഛനും അമ്മയും ആശുപത്രിയിൽ ആയതിനാൽ ഞാനും അനുജത്തിയും തനിച്ചായി.തകർന്നുപോയ നിമിഷങ്ങൾ.വിഷമിച്ചു നിന്ന ഞങ്ങളുടെ അരികിൽ സ്നേഹത്തിത്തിന്റെ പ്രകാശംപോലെ അച്ഛന്റെ ഒരകന്ന ബന്ധു എത്തിച്ചേർന്നു.ഞാനും അനുജത്തിയും അവരുടെ വീട്ടിലേക്ക് പോയി.മക്കളില്ലാതെ വിഷമിക്കുന്ന അവർ  ഞങ്ങളെ സ്വന്തം മക്കളെ പോലെ സംരക്ഷിച്ചു.അച്ഛനും അമ്മയും മൂന്നാഴ്ചകൾക്ക് ശേഷമാണ് വീട്ടിലേക്ക് വന്നത്.   പ്രതിസന്ധി ഘട്ടത്തിൽ സഹായം

ലഭിച്ചിരുന്നില്ലെങ്കിൽ ഞാനും സഹോദരിയും അരക്ഷിതാവസ്ഥയിലാകുമായിരുന്നു.അവർക്ക് ഞങ്ങളോടുള്ള സ്നേഹത്തിത്തിന്റെ പ്രകാശം ഞങ്ങളെ സ്പർശിച്ചു.സ്നേഹത്തിന്റെ നടുവിൽ ഇരിക്കുന്നതുപോലെയുള്ള സ്വസ്ഥതയും സന്തോഷവും ഞങ്ങളുടെ മനസിലുണ്ടായി.

- ആർച്ച ശിവദാസ്



# മായാത്ത മുഖങ്ങൾ

ഓരോ ദിനങ്ങളും നമുക്ക് വ്യത്യസ്തമായ അനുഭവങ്ങളാണ് കഴിഞ്ഞ വേനലവധികാലത്ത് നടന്ന എസ് പി സി ക്യാമ്പ് മനസ്സിൽ മായാതെ നിൽക്കുന്നു.മൂന്നാം ദിവസം ഞങ്ങൾ ഫീൽഡ് ട്രിപ്പ് ആരംഭിച്ചു.പൂപ്പറമ്പിലുള്ള മരിയ ഭവൻ സന്ദർശിക്കാനാണ് ഞങ്ങൾ പുറപ്പെട്ടത്.അവിടെയുള്ള അന്തേവാസികളോട് സംസാരിക്കാൻ അവസരം ലഭിച്ചു.അവർ വളരെ സന്തോഷത്തിലായിരുന്നു.എന്നാൽ ഞങ്ങൾ ചിരിക്കണോ കരയണോ എന്നറിയാത്ത അവസ്ഥയിലായിരുന്നു.എന്റെ മനസ്സിൽ ആദ്യമെത്തുന്ന മുഖം ചിഞ്ചുവിന്റെയാണ് ഞങ്ങളോട് സംസാരിക്കാൻ ആദ്യമൊക്കെ വിമൂകത കാണിച്ചെങ്കിലും പിന്നീട് അത് മാറി.സംഭാഷണത്തിനിടയിൽ 'അമ്മ വരും അമ്മയെന്താ വരാത്തത് എന്നിങ്ങനെ ഉള്ള വാചകങ്ങൾ ആവർത്തിക്കുന്നു.അവയുടെയഥാർഥ്യമെന്തെന്ന് ആഴത്തിൽ ചിന്തിക്കാൻ എന്റെ മനസ് എന്നെ അനുവദിച്ചില്ല.അവിടെ ഉള്ളവരിൽ ചിലർ മാനസിക ബുദ്ധിമുട്ടനുഭവിക്കുന്നവരാണ്.ആരുടെയോ സ്വാർത്ഥതയുടെ ബാക്കിപത്രങ്ങളാണോ അവർ?എന്റെ വാസികളുടെ മുഖങ്ങൾ ഒരു വേദനയായി എന്റെ മനസിനെ അലട്ടുന്നു.എങ്കിലും അവർ സുരക്ഷിതരാണ്.അവരെ സഹായിക്കാനായി ധാരാളം സുമനസുകൾ അവരുടെ കൂടെയുണ്ട്.എന്നതോർത്ത് ഞാൻ ആശ്വസിച്ചു.ദിനങ്ങൾ എത്ര കടന്നു പോയാലും അവരുടെ മുഖം എന്റെ മനസിൽ നിന്ന് മായില്ല തീർച്ച..............

– അനുപ്രിയ പി.എം

# വിവിധ സംഘടനകൾ

## സ്കൗട്ട് & ഗൈഡ്





## ലിറ്റിൽ കൈറ്റ്സ്

## എസ്. പി.സി



# കലാമേള



















സ്വാതന്ത്ര്യ ദിനാഘോഷം






ഓർമ്മച്ചെപ്പ് സ്ക്രൂൾ മാഗസിൻ



ദേവമാതാ ഹൈസ്കൂൾ പൈസക്കരി

2024